7. കെൽട്രോൺ മാഗ്നറ്റിക് ലിമിറ്റഡ്, കണ്ണൂർ
8. കെൽട്രോൺ റെസിസ്റ്റേഴ്സ് ലിമിറ്റഡ്, കണ്ണൂർ
9. കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ്, കുറ്റിപ്പുറം
10. കെൽട്രോൺ കൗണ്ടേഴ്സ് ലിമിറ്റഡ്, ശ്രീകാര്യം

എന്നിവ പ്രവർത്തിക്കുന്നുണ്ട്.

(ബി) കെൽട്രോൺ പ്രോജക്ടേഴ്സ്, പേരൂർക്കട, കെൽട്രോൺ റെക്റ്റിഫയേഴ്സ് ലിമിറ്റഡ്, തൃശ്ശൂർ, എന്നീ യൂണിറ്റുകൾ അടച്ചുപൂട്ടിയിട്ടുണ്ട്.

(സി) സഞ്ചിതനഷ്ടം, ഓഹരി മൂലധനത്തെക്കാൾ അധികരിച്ചതിനാലും പുനരുദ്ധാരണ പദ്ധതി അപ്രായോഗികമാണെന്നു കണ്ടതിനാലും ബി.ഐ.എഫ്.ആറിന്റെ പരിധിയിലുള്ള കെൽട്രോൺ റെക്റ്റിഫയേഴ്സ് ലിമിറ്റഡ് അടച്ചുപൂട്ടുവാൻ ഉത്തരവായിട്ടുണ്ട്.

ആധുനിക പ്രൊജക്ടറുകൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക വിദ്യ സ്വായത്ത മാക്കാൻ സാധിക്കാത്തതിനാലും നഷ്ടാധിക്യം മൂലവും ആസ്തികളൊന്നുമില്ലാത്ത കെൽട്രോൺ പ്രൊജക്ടേഴ്സ് അടച്ചുപൂട്ടേണ്ടിവന്നു.

(ഡി, ഇ) കെൽട്രോൺ കൗണ്ടേഴ്സിലെ തൊഴിലാളികളെ എംപ്ലോയീസ് സെപ്പറേഷൻ സ്കീം അനുസരിച്ചാണ് പിരിച്ചുവിട്ടത്. സേവനം പൂർത്തിയാക്കിയ ഓരോ വർഷത്തിനും 45 ദിവസത്തെ വേതനമോ, പൂർത്തീകരിക്കേണ്ട ബാക്കി വർഷത്തിന്റെ വേതനമോ ഇതിൽ ചെറിയ തുക ഏതാണോ ആ തുക തൊഴിലാളികൾക്ക് ഇ.എസ്.എസ്. ആനുകൂല്യമായി നൽകുന്നു.

(എഫ്) കെൽട്രോൺ കൗണ്ടേഴ്സിൽനിന്നും ഇ.എസ്.എസ്. പ്രകാരം പിരിഞ്ഞുപോയ 138 ജീവനക്കാർക്ക് 686.75 ലക്ഷം രൂപ നൽകുവാൻ ഉത്തരവായിട്ടുണ്ട്.

(ജി) ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ കടബാദ്ധ്യത ഒറ്റ തവണ തീർപ്പാക്കൽ വഴി നൽകുകയുണ്ടായി. പിയർലെസ്സ് ജനറൽ ഫിനാൻസ് കമ്പനിയുടെ ബാദ്ധ്യത തവണകളായി നൽകിവരുന്നു. കമ്പനികളുടെ പുനഃസംഘടനയെക്കുറിച്ച് ഇ.ആർ.സി. പഠനം നടത്തിവരുന്നു.

സ്വർണ്ണാഭരണങ്ങളിലെ മായം കണ്ടുപിടിക്കാൻ യന്ത്രം

130 [2606] ശ്രീ. ടി. എച്ച്. മുസ്തഫ:
,, വി. ബാലറാം:
,, ടി. വി. ചന്ദ്രൻ:
,, പി. ടി. തോമസ്:
,, എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണാഭരണങ്ങളിൽ മായം ചേർക്കുന്നത് കണ്ടുപിടിക്കുവാൻ പറ്റിയ ഒരു യന്ത്രം കെൽട്രോൺ കണ്ടുപിടിച്ചിട്ടുണ്ടോ;

(ബി) ഈ യന്ത്രം വ്യാവസായികാടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കുവാൻ തുടങ്ങിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ ഇതുവരെ എത്രയെണ്ണം ഉല്പാദിപ്പിച്ചിട്ടുണ്ട്;

(ഡി) ഇതിനെപ്പറ്റി വേണ്ടത്ര പ്രചാരണം നൽകിയിട്ടുണ്ടോ;

(ഇ) ഇതിന് എന്തു വിലവരുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ കെൽട്രോൺ 'റോബോഗാർഡ്' എന്ന പേരിൽ ഈ ഉപകരണം വാണിജ്യാടിസ്ഥാനത്തിൽ വിപണനം ചെയ്യാനുള്ള കരാറായിട്ടുണ്ട്.

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) സഹകരണ ബാങ്കുകളിലും, കെ.എസ്.എഫ്.ഇ.-യുടെ ചില ശാഖകളിലും ട്രയൽ മാർക്കറ്റിംഗ് നടത്തിവരുന്നു.

(ഇ) കമ്പ്യൂട്ടർ ഉൾപ്പെടെ ഒരു ലക്ഷം രൂപ.

വ്യവസായ നടത്തിപ്പിനുവേണ്ടി ബിർലാ മാനേജ്മെന്റ് മാവൂരിൽ വാങ്ങിയ ഭൂമി

131 [2607] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ നടത്തിപ്പിനുവേണ്ടി 1950-കളിൽ ബിർലാ മാനേജ്മെന്റ് മാവൂരിൽ തുച്ഛവിലയ്ക്ക് വാങ്ങിയ നൂറു കണക്കിന് ഏക്കർ ഭൂമി, മാനേജ്മെന്റ് ഏകപക്ഷീയമായി കമ്പനി പൂട്ടിപ്പോയ സാഹചര്യത്തിൽ പാഴായിക്കിടക്കുകയാണെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വ്യാവസായികാവശ്യത്തിന് വാങ്ങിയ പ്രസ്തുത ഭൂമി വ്യവസായം നിർത്തിപ്പോയ സാഹചര്യത്തിൽ തിരിച്ചുപിടിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ഭൂമി ശാസ്ത്ര-സാങ്കേതിക ഐ.ടി. വ്യവസായ രംഗങ്ങളിൽ പുതിയ പ്രോജക്ടുകൾക്കായി പ്രയോജനപ്പെടുത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വ്യവസായ ആവശ്യത്തിനുവേണ്ടി അക്വയർ ചെയ്ത ഭൂമി വ്യവസായ ആവശ്യത്തിനുവേണ്ടി വീണ്ടും ഉപയോഗപ്പെടുത്താവുന്നതാണ്. അല്ലാത്തപക്ഷം തിരികെ എടുക്കുന്ന കാര്യം അപ്പോൾ പരിശോധിക്കാവുന്നതാണ്.

(സി) സർക്കാർ നേരിട്ട് പുതിയ പ്രോജക്ടുകൾ ആരംഭിക്കുവാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

കാസർഗോഡ് ജില്ലയിൽ വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

132 [2608] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly